# 141-ാമത്
# മന്നംജയന്തി ആഘോഷം
## 2018 ജനുവരി 1, 2 തീയതികളിൽ
### മന്നം നഗർ - പെരുന്ന, ചങ്ങനാശ്ശേരി

മാന്യരേ,

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 141-ാമത് ജയന്തി ആഘോഷം 2018 ജനുവരി 1, 2 തീയതികളിൽ പെരുന്ന മന്നംനഗറിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള പന്തലിൽവച്ച് നടക്കുന്നതാണെന്നുള്ള വിവരം സസന്തോഷം അറിയിച്ചുകൊള്ളട്ടെ.



കർമ്മനിരതവും നിസ്വാർത്ഥവുമായ സേവനത്തിലൂടെ നായർസമുദായത്തെ സമുദ്ധരിക്കുകയും, മഹത്തായ നായർ സർവീസ് സൊസൈറ്റി പടുത്തുയർത്തി സമുദായത്തിനും രാജ്യത്തിനും വേണ്ടി സമർപ്പിക്കുകയും മാത്രമല്ല, പൊതുജീവിതത്തിൽ തന്റെ നിഷ്കാമകർമ്മംകൊണ്ട് സമുന്നതവും സമാരാദ്ധ്യവുമായ സ്ഥാനം കൈവരിച്ച് കേരളത്തിന്റെ ചരിത്രത്തിൽ സമസ്തമേഖലയിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത കർമ്മയോഗിയാണ് അഭിവന്ദ്യസമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭൻ. നായർസമുദായത്തിന്റെയും സർവീസ് സൊസൈറ്റിയുടെയും പുരോഗതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളോടൊപ്പം, സാമൂഹിക അസമത്വങ്ങൾക്കെതിരെ പോരാടുകയും രാജ്യത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി ജീവിതാവസാനംവരെ അക്ഷീണം പരിശ്രമിക്കുകയും ചെയ്ത ആ ധന്യമായ ജീവിതത്തെയും പ്രവർത്തനങ്ങളെയും ആദരപൂർവ്വം സ്മരിക്കാനുള്ള അവസരമാണ് ഓരോ മന്നംജയന്തിയും.

സർവീസ് സൊസൈറ്റിയുടെ അടിസ്ഥാനമൂല്യങ്ങൾ കൈവിടാതെ, ആ മഹാത്മാവിന്റെ കാല്പാടുകളെ പിന്തുടരാൻ നമുക്ക് എന്നും കഴിയണം. ആയതിനാൽ അദ്ദേഹത്തിന്റെ ജയന്തി ആഘോഷപരിപാടികളിൽ താങ്കളുടെ സാന്നിദ്ധ്യവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എൻ.എസ്.എസ്. ഡയറക്ടർ ബോർഡിനു വേണ്ടി,

വിശ്വസ്തൻ,

ജനറൽ സെക്രട്ടറി